(ഡി) ഈ ഫാക്ടറികൾ അടച്ചിട്ടിട്ട് എത്രകാലമായി ;

(ഇ) ഇത് തുറന്നു പ്രവർത്തിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ ഒരു ടാനിൻ നിർമ്മിക്കുന്ന ഫാക്ടറി ഉണ്ട്.

(ബി-സി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ടാനിൻ യൂണിറ്റിൽ ഇപ്പോൾ ഉല്പാദനം നിർത്തി വച്ചിരിക്കുകയാണ്. ഉല്പാദന ചെലവിനെക്കാൾ കുറഞ്ഞ വില മാത്രമേ ടാനിന് ലഭിക്കാനുള്ളൂ ; ആയതിനാൽ കോർപ്പറേഷന് ഭാരിച്ച നഷ്ടം സംഭവിക്കുന്നു. ഉല്പാദിപ്പിച്ച ടാനിൻ വിറ്റഴിക്കാനാകാതെ കെട്ടിക്കിടക്കുകയാണ്. ഇതുവിൽക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ടാനിൻ യൂണിറ്റിൽ 2001 മേയ് മാസം 20-ാം തീയതി മുതൽ ഉല്പാദനം നിറുത്തി വച്ചിരിക്കുകയാണ്.

(ഇ) കെട്ടിക്കിടക്കുന്ന ടാനിൻ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉല്പാദന ചെലവിനെക്കാൾ കുറഞ്ഞ വിലമാത്രം ടാനിന് ലഭിക്കുന്നതുകൊണ്ട് ഭാരിച്ച നഷ്ടം സംഭവിക്കാത്തതിനാൽ ഇതിന്റെ തുടർന്നുള്ള പ്രവർത്തനം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ചു വരികയാണ്.

ധാതുമണൽ നിക്ഷേപം

128 (1207) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ജോയി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധാതുമണലിന്റെ ഡെപ്പോസിറ്റ് എത്ര ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(ബി) ഇപ്പോൾ ഇതിന്റെ എത്ര ശതമാനം ചൂഷണം ചെയ്യപ്പെടുന്നു എന്നു വ്യക്തമാക്കാമോ ;

(സി) ധാതുമണൽ കുഴിച്ചെടുക്കുന്ന സ്ഥലത്ത് ഇതിന്റെ ഡെപ്പോസിറ്റ് വീണ്ടും ഉണ്ടാകുന്നുണ്ടോ ;

(ഡി) ഇപ്പോഴത്തെ നിരക്കിന് ചൂഷണം ചെയ്യുന്നപക്ഷം എത്ര വർഷത്തെ ഉപയോഗത്തിനുള്ള മണൽ സംസ്ഥാനത്തുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന അറ്റോമിക് മിനറൽ ഡിവിഷൻ നടത്തിയ പഠനത്തിൽ കേരള കടൽത്തീരത്ത് 1675-79 ദശലക്ഷം ടൺ ധാതുമണൽ നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) വർഷത്തിൽ ശരാശരി 3 ലക്ഷം ടൺ ധാതുമണൽ ഖനനം ചെയ്തെടുക്കപ്പെടുന്നുണ്ട്. ഇത് മൊത്തം നിക്ഷേപത്തിന്റെ ഉദ്ദേശം 0.5 ശതമാനം വരും.

(സി) വേലിയേറ്റത്തിനും വേലിയിറക്കത്തിനും ഇടയിലുള്ള സ്ഥലങ്ങളിലും, കടൽ തിരയ്ക്ക് പ്രാപ്യമായ സ്ഥലങ്ങളിലും, പ്രകൃത്യാ സീസണലായി കടൽതന്നെ ധാതുമണൽ നിക്ഷേപിക്കാറുണ്ട്.

(ഡി) ഇപ്പോഴത്തെ ഖനനനിരക്കനുസരിച്ച് നാനൂറിൽപ്പരം വർഷം ഖനനം ചെയ്യാനുള്ള ധാതുമണൽ നിക്ഷേപം ഉണ്ടെന്നു കണക്കാക്കുന്നു.

കൈത്തറി വ്യവസായം വികസിപ്പിക്കാൻ നടപടി

129 (1209) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൈത്തറി വ്യവസായം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ കൈത്തറിത്തുണികൾ വിദേശത്തേയ്ക്കു കയറ്റി അയയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ബി) ഉണ്ട്. വിദേശ വിപണി ലക്ഷ്യമാക്കി പുതിയ കൈത്തറി ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് സഹായകമായ ക്ലസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാം ഉദ്ദേശം നാല്പത് ഹാന്റ്ലൂം ക്ലസ്റ്ററുകളിൽ 2003 ജൂൺ മുതൽ നടപ്പാക്കിതുടങ്ങുന്നു. പൂർണ്ണമായും വിദേശ വിപണി ലക്ഷ്യമാക്കിയുള്ള കേന്ദ്രാവിഷ്ക്കൃത പദ്ധതിയായ ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം തെരഞ്ഞെടുത്ത സഹകരണ സംഘങ്ങളിൽ നടപ്പുവർഷം മുതൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. കണ്ണൂരിലെ കൈത്തറി ഉൽപ്പന്നങ്ങളുടെ വിദേശ വിപണി വിപുലീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട കേന്ദ്ര സർക്കാരിന്റെ 20 കോടി രൂപയുടെ ധനസഹായത്തോടെ ടെക്സ്റ്റയിൽ സെന്റർ, ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം ആരംഭിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ കയറ്റി അയക്കുന്ന സഹകരണ സംഘങ്ങൾക്കും, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും വില്പനയുടെ 20 ശതമാനം തുക എക്സ്പോർട്ടിംഗ്

LIBRARY ARCHIVES Kerala Legislative Assembly